മിശ്രവിവാഹിതരാകുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് നൽകിവരുന്ന ആനുകൂല്യം

262 (2542) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരാകുന്ന പട്ടികജാതിയിൽപ്പെട്ടവരുടെ ജീവിത സുരക്ഷയ്ക്കും, അവർ നേരിടുന്ന സാമൂഹ്യ വെല്ലുവിളികളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും വിവിധ പദ്ധതികളും വിശദമാക്കാമോ;

(ബി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ മറ്റ് സമുദായത്തിൽ നിന്നുള്ള ഒരു പുരുഷൻ വിവാഹം കഴിച്ചാൽ അവർക്ക് എന്തെങ്കിലും സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുണ്ടോ; ഇത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയുടെ വിവാഹത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഇപ്രകാരം ധനസഹായം ലഭിച്ച് നടക്കുന്ന വിവാഹം മിശ്രവിവാഹമായാൽ, മിശ്രവിവാഹിതർക്കുള്ള ആനുകൂല്യത്തിന് പ്രസ്തുത ദമ്പതിമാർക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പട്ടികജാതിയിൽപ്പെട്ട പെൺകുട്ടിയെ വിവാഹം കഴിച്ച അന്യ സമുദായാംഗമായ ശ്രീ.സുനിൽകുമാർ.പി.ഡി, തറയിൽ, തൈയ്യൽ.പി.ഒ, ചേർത്തല എന്ന കക്ഷി മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായത്തിന് പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിച്ചപ്പോൾ പെൺകുട്ടിയുടെ മാതാവ് പട്ടിക ജാതിക്കാർക്കുള്ള വിവാഹധനസഹായം കൈപ്പറ്റിയിട്ടുള്ളതാണെന്ന കാരണത്താൽ അപേക്ഷ നിരസിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിർദ്ദേശപ്രകാരമല്ലാതെ സ്വീകരിച്ച നടപടിയാണെങ്കിൽ ഇപ്രകാരം അപേക്ഷ നിരസിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മിശ്രവിവാഹത്താൽ സാമ്പത്തിക ക്ലേശങ്ങളും സാമൂഹികമായ ഒറ്റപ്പെടലിനും വിധേയരാകുന്ന ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതി മറ്റേയാൾ

LIBRARY ARCHIVES Kerala Legislative Assembly

പട്ടികേതര സമുദായം) മിശ്രവിവാഹ ധനസഹായമായി 50,000 രൂപ വകുപ്പിൽ നിന്നും അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷവും മുൻ വർഷങ്ങളിലെപ്പോലെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് തുക അനുവദിക്കുകയും സംസ്ഥാനത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തരം ലഭിക്കുന്ന അപേക്ഷകൾ അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്. സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് ആയത് സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി, കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം മിശ്രവിവാഹ ധനസഹായത്തിന് വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ഗുണഭോക്താവിന്റെ എണ്ണം
2011-12	1033.67	2454
2012-13	1092.12	2189
2013-14	1040.7	2182
2014-15	1050.2	2112
2015-16	731.5	1468 (30-1-2016 വരെ)

(ബി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ പട്ടികേതര സമുദായത്തിൽപ്പെട്ട ഒരു പുരുഷൻ വിവാഹം കഴിച്ചാൽ മാത്രം അവർക്ക് വകുപ്പിൽ നിന്നും മിശ്രവിവാഹ ധനസഹായത്തിന് അർഹതയുണ്ട്. ഇതിലേക്കായി നിശ്ചിതമാതൃകയിലുള്ള അപേക്ഷയോടൊപ്പം ദമ്പതിമാരുടെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, കോ-ലിവിംഗ് സർട്ടിഫിക്കറ്റ്, അസ്സൽ വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷം കഴിയുന്നതിന് മുൻപായി അപേക്ഷകർ താമസിക്കുന്ന സ്ഥലത്തുള്ള ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ദമ്പതിമാരുടെ കുടുംബ വാർഷിക വരുമാനം 40,000 രൂപയിൽ കവിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതിയിൽപ്പെട്ട കുടുംബ വാർഷിക വരുമാനം 50,000 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി വകുപ്പിൽ നിന്നും വിവാഹ ധനസഹായ പദ്ധതി പ്രകാരം 50,000 രൂപ ധനസഹായം നൽകുന്നു. ധനസഹായം ലഭിച്ച് നടക്കുന്ന വിവാഹം മിശ്രവിവാഹമായാൽ മിശ്രവിവാഹിതർക്കുള്ള ആനുകൂല്യത്തിന് പ്രസ്തുത ദമ്പതിമാർക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഒരേ വിവാഹത്തിനുതന്നെ രണ്ടു ധനസഹായം (വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും) നിലവിൽ അനുവദിക്കുന്നില്ല.

(ഡി) പരിശോധിച്ചുവരുന്നു.

പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി

263 (2543) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിനായി പട്ടികജാതി വികസന വകുപ്പ് താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly